**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 131** **12-01-2021 - ല്‍ മറുപടിയ്ക്ക്**

**താനൂര്‍ പോലീസ് കണ്‍ട്രോള്‍ റൂം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാന്‍ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | താനൂരിന് അനുവദിച്ച പോലീസ് കണ്‍ട്രോള്‍ റൂം ഇതുവരെയും പ്രവര്‍ത്തനം ആരംഭിക്കാന്‍ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. സ.ഉ. (കൈ) നം. 103/2018/ ആഭ്യന്തരം തീയതി. 19.06.2018 പ്രകാരം താനൂര്‍, പയ്യന്നൂര്‍ എന്നിവിടങ്ങളില്‍ കണ്‍ട്രോള്‍ റൂമുകള്‍ ആരംഭിക്കുന്നതിന് സര്‍ക്കാര്‍ അനുമതി നല്‍കിയിട്ടുണ്ട്. എന്നാല്‍ താനൂര്‍ കണ്‍ട്രോള്‍ റൂമിനാവശ്യമായ കെട്ടിടം ലഭ്യമാകാത്തതിനാല്‍ താനൂര്‍ സി.ഐ ഓഫീസ് കെട്ടിടം കണ്‍ട്രോള്‍ റൂമിനായി പരിഗണിച്ചുവെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി കാരണം ടി കെട്ടിടം കണ്‍ട്രോള്‍ റൂമിന് അനുയോജ്യമായില്ല. ഈ സാഹചര്യത്തില്‍, തിരൂരില്‍ പുതുതായി നിര്‍മ്മിക്കപ്പെട്ട കെട്ടിടത്തില്‍ അടിസ്ഥാന സൗകര്യങ്ങള്‍ ലഭ്യമായതിനാല്‍ താനൂര്‍ കണ്‍ട്രോള്‍ റൂമിനനുവദിച്ച അംഗബലം താല്‍ക്കാലികമായി തിരൂര്‍ കണ്‍ട്രോള്‍ റൂമിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുകയും അവിടെ പ്രവര്‍ത്തിച്ചു വരികയും ചെയ്യുന്നു. |
| (ബി) | താനൂരിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 2018-ല്‍ അനുവദിച്ച താനൂര്‍ പോലീസ് കണ്‍ട്രോള്‍ റൂം അടിയന്തിരമായി പ്രവര്‍ത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | താനൂര്‍ കണ്‍ട്രോള്‍ റൂം ഉടന്‍ തന്നെ പ്രവര്‍ത്തന സജ്ജമാക്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍